# വിദ്യാർഥി മുന്നേറ്റത്തിന് കരുത്തു പകരുന്ന പരിപാടികൾ

**യു. ഷൈജു**

**ഇന്ത്യയിലെ** ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം പ്രവർത്തനപഥത്തിൽ കാൽനൂറ്റാണ്ട് പിന്നിടുകയാണ്. കഴിഞ്ഞകാലത്ത് സംഘടന നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി വിപുലമായ പരിപാടികളാണ് ദേശീയതലത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. കോളേജ്, സർവകലാശാലാ കാമ്പസുകളിൽ വ്യത്യസ്ത പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ അർഥവും ആഴവും വിദ്യാർഥി സമൂഹത്തിന് പകർന്നുനൽകുന്നവയാണ് പരിപാടികൾ.

ദൽഹി, കൊൽക്കത്ത, തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്ന് ആരംഭിച്ച് മുംബൈയിൽ സമാപിക്കുന്ന മൂന്ന് പ്രധാന ദേശീയ ജാഥകളും ത്രിപുരയിൽനിന്ന് ആരംഭിച്ച് ബംഗാളിൽ തീരുന്ന ഒരു ഉപജാഥയുമാണ് പ്രധാനം. രാജ്യത്തിന്റെ നാലു ദിക്കിലെ എല്ലാ സ്ഥലങ്ങളിലൂടെയും ജാഥ കടന്നുപോകും. സർവകലാശാല-കോളേജ് കാമ്പസുകളിൽ ജാഥക്ക് സ്വീകരണം നൽകും. ദൽഹി, ഹൈദറാബാദ്, ബാംഗ്ലൂർ, ചെന്നൈ, അഹ്മദാബാദ്, ലഖ്നൗ, കാൺപൂർ, വിജയവാഡ, മംഗലാപുരം, തിരുവനന്തപുരം, പാലക്കാട് തുടങ്ങിയ പ്രമുഖ നഗരങ്ങളിൽ അന്തർദേശീയ - ദേശീയ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന വൻ സമ്മേളനങ്ങൾ നടക്കും.

നവംബർ മൂന്നിന് ത്രിപുരയിലെ ധർമനഗറിൽനിന്നാരംഭിക്കുന്ന ജാഥക്ക് സിൽച്ചാർ യൂനിവേഴ്സിറ്റി, ഗുവാഹത്തി യൂനിവേഴ്സിറ്റി എന്നിവിടങ്ങളിലും ആസാം, മേഘാലയ എന്നിവിടങ്ങളിലെ കാമ്പസുകളിലും വിവിധ നഗരങ്ങളിലും സ്വീകരണം നൽകും.

നവംബർ നാലിന് കൊൽക്കത്തയിൽ നിന്നാരംഭിക്കുന്ന കിഴക്കൻ ജാഥ 21 ദിവസം കൊണ്ട് ബംഗാൾ, ബിഹാർ, ഝാർഖണ്ട്, യു.പി ഈസ്റ്റ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ പര്യടനം നടത്തും. കൊൽക്കത്ത യൂനിവേഴ്സിറ്റി, ജാദവ്പൂർ യൂനിവേഴ്സിറ്റി, വിദ്യാസാഗർ യൂനിവേഴ്സിറ്റി, പട്ന യൂനിവേഴ്സിറ്റി, ഹസാരിബാഗ് യൂനിവേഴ്സിറ്റി, ലഖ്നൗ യൂനിവേഴ്സിറ്റി, ഇലാഹാബാദ് യൂനിവേഴ്സിറ്റി, കാൺപൂർ യൂനിവേഴ്സിറ്റി, നാഗ്പൂർ യൂനിവേഴ്സിറ്റി നോർത്ത് മഹാരാഷ്ട്ര യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ സ്വീകരണം നൽകും. കട്ടിഹാർ, ജബൽപൂർ, സിയോണി, അമരാവതി, അകോല, ജാൽഗോൺ, കല്യാൺ തുടങ്ങിയ നഗരങ്ങളിൽ സ്വീകരണ സമ്മേളനങ്ങൾ നടക്കും.

നവംബർ അഞ്ചിന് ദൽഹിയിൽ നിന്നാരംഭിക്കുന്ന വടക്കൻ മേഖലാ ജാഥ ദൽഹി, ഹരിയാന, പഞ്ചാബ്, യു.പി വെസ്റ്റ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ പര്യടനം നടത്തും. ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ, ജാമിഅ ഹംദർദ്, ദൽഹി യൂനിവേഴ്സിറ്റി, ജെ.എൻ.യു, പട്യാല യൂനിവേഴ്സിറ്റി, മീറത്ത് യൂനിവേഴ്സിറ്റി, അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി, ജയ്പൂർ യൂനിവേഴ്സിറ്റി, അഹ്മദാബാദ് യൂനിവേഴ്സിറ്റി, ബറോഡ യൂനിവേഴ്സിറ്റി എന്നിവിടങ്ങളിലും ഫരീദാബാദ്, ദൽഹി, ഗാസിയാബാദ്, മുറാദ്നഗർ, ബറേലി, ബദൗൻ, സൂറത്ത് തുടങ്ങിയ നഗരങ്ങളിലും സ്വീകരണം നൽകും.

നവംബർ മൂന്നിന് ദക്ഷിണ മേഖലാ ജാഥ തിരുവനന്തപുരത്തു നിന്ന് ആരംഭിക്കും. അന്നേ ദിവസം വൈകുന്നേരം നാലു മണിക്ക് തിരുവനന്തപുരം നഗരത്തിൽ വിദ്യാർഥി റാലിയും, വൈകീട്ട് 6.30-നു മാഞ്ഞാലിക്കുളം മൈതാനിയിൽ പൊതുസമ്മേളനവും നടക്കും. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ ഉദ്ഘാടനം ചെയ്യും. പ്രശസ്ത പത്രപ്ര

വർത്തകയും അന്തർദേശീയ ഇസ്‌ലാമിക വേദികളിലെ നിറസാന്നിധ്യവുമായ ഇവോൺ റിഡ്‌ലി മുഖ്യാതിഥിയായിരിക്കും. എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്‌റുദ്ദീൻ ശർഖി, ജാഥാ ക്യാപ്റ്റൻ ഹശ്മത്തുല്ല ഖാൻ, ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, ജമാഅത്തെ ഇസ്‌ലാമി കേരള സെക്രട്ടറി കെ.കെ സുഹ്റ, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ എന്നിവർ സംസാരിക്കും.

ദക്ഷിണ മേഖലാ ജാഥക്ക് നവംബർ നാലിന് കൊല്ലം ജില്ലാ അതിർത്തിയായ പാരിപ്പള്ളിയിലും കൊല്ലം ചിന്നക്കടയിലും അഞ്ചലിലും പത്തനാപുരത്തും സ്വീകരണം നൽകും. വൈകിട്ട് പത്തനംതിട്ട ജില്ലയിലെ പന്തളത്ത് വിദ്യാർഥി റാലിയും പൊതുസമ്മേളനവും നടക്കും. എസ്.ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റ് കെ.എ യൂസുഫ് ഉമരി പ്രസംഗിക്കും. നവംബർ അഞ്ചിന് രാവിലെ ആലപ്പുഴ ജില്ലയിലെ കായംകുളം എം.എസ്.എം ഹയർ സെക്കന്ററി സ്കൂൾ പരിസരത്തു നിന്നാരംഭിക്കുന്ന ജാഥക്ക് എം.എസ്.എം കോളേജിൽ സ്വീകരണം നൽകും. വണ്ടാനം മെഡിക്കൽ കോളേജ് കാമ്പസിലെ സ്വീകരണ യോഗത്തിൽ എസ്.ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. കെ. മുഹമ്മദ് നജീബ് പ്രഭാഷണം നടത്തും. ഉച്ചക്ക് എറണാകുളം ജില്ലയിലെത്തുന്ന ജാഥക്ക് മഹാരാജാസ് കോളേജ് കാമ്പസിൽ നൽകുന്ന സ്വീകരണ യോഗത്തിൽ എസ്.ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റ് പി.ഐ നൗഷാദ് സംസാരിക്കും. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകശാല കാമ്പസിലെ സ്വീകരണ യോഗത്തിൽ ഡോ. കെ. മുഹമ്മദ് നജീബ് പ്രസംഗിക്കും. വൈകീട്ട് തൃശൂർ ജില്ലയിൽ പ്രവേശിക്കുന്ന ജാഥ തൃശൂർ കോർപറേഷനു മുന്നിൽ സമാപിക്കും. സ്വീകരണത്തോടനുബന്ധിച്ച് തൃശൂർ പട്ടണത്തിൽ വിദ്യാർഥി റാലിയും പൊതുസമ്മേളനവും നടക്കും. നവംബർ ആറിന് രാവിലെ മലപ്പുറം ജില്ലയിലെ കൊളപ്പുറത്തുനിന്നാരംഭിക്കുന്ന ജാഥയെ രാവിലെ കാലിക്കറ്റ് സർവകലാശാലാ കാമ്പസിൽ വിദ്യാർഥികൾ സ്വീകരിക്കും. ശേഷം പെരിന്തൽമണ്ണയിൽ വിദ്യാർഥി റാലിയും പൊതുസമ്മേളനവും നടക്കും. സോളിഡാരിറ്റി മുൻ സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം പ്രഭാഷണം നടത്തും. വൈകീട്ട് ജാഥ പാലക്കാട് നഗരത്തിലെത്തും. പാലക്കാട് വിക്ടോറിയ കോളേജിൽനിന്നാരംഭിക്കുന്ന വിദ്യാർഥി റാലി നഗരം ചുറ്റി കോട്ടമൈതാനിയിൽ അവസാനിക്കും. പൊതുസമ്മേളനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്യും. ഇവോൺ റിഡ്‌ലി, ടിബറ്റൻ വിദ്യാർഥി നേതാവ് ടെൻ സിൻ സുൻ ടു എന്നിവർ മുഖ്യാതിഥികളായിരിക്കും. സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ശഫീഖ്, ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് കെ.പി സൽവ എന്നിവർ പ്രസംഗിക്കും. നവംബർ ഏഴിന് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ പ്രവേശിക്കുന്ന ജാഥ ആന്ധ്രപ്രദേശ്, കർണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിൽ പര്യടനം നടത്തും. ദക്ഷിണ മേഖലാ ജാഥക്ക് മദ്രാസ് യൂനിവേഴ്സിറ്റി, വിജയവാഡ യൂനിവേഴ്സിറ്റി, ഉസ്മാനിയ യൂനിവേഴ്സിറ്റി, ഗുൽബർഗ യൂനിവേഴ്സിറ്റി, ധാർവാഡ് യൂനിവേഴ്സിറ്റി, ബാംഗ്ലൂർ യൂനിവേഴ്സിറ്റി, ഗോവ യൂനിവേഴ്സിറ്റി, കോലാപ്പൂർ യൂനിവേഴ്സിറ്റി, പൂനെ യൂനിവേഴ്സിറ്റി, മുംബൈ യൂനിവേഴ്സിറ്റി, എസ്.ആർ.ടി യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാർഥികൾ സ്വീകരണം നൽകും. കോയമ്പത്തൂർ, തിരുച്ചിറപ്പള്ളി, വെല്ലൂർ, ചെന്നൈ, ഹൈദറാബാദ്, നെല്ലൂർ, അനന്ത്പൂർ, ബീജാപൂർ, ഹാസൻ, പൂനെ എന്നീ നഗരങ്ങളിൽ സ്വീകരണ സമ്മേളനങ്ങൾ നടക്കും. ജാഥകൾക്ക് സമാപനം കുറിച്ച് നവംബർ 25-ന് മുംബൈയിൽ ദേശീയ വിദ്യാർഥി സമ്മേളനം ചേരും. ബ്രിട്ടീഷ് പാർലമെന്റംഗവും റെസ്പക്റ്റ് പാർട്ടി നേതാവുമായ ജോർജ് ഗാലവെ മുഖ്യാതിഥിയാകുന്ന സമ്മേളനത്തിൽ പ്രമുഖ ദേശീയ വ്യക്തിത്വങ്ങൾ പങ്കെടുക്കും. 25-ാം വാർഷിക പരിപാടികളുടെ ഭാഗമായി രാജ്യത്തുടനീളം 70 സമ്മേളനങ്ങൾ, 55 യൂനിവേഴ്സിറ്റി കാമ്പസുകളിൽ സ്വീകരണം, 200 വിദ്യാർഥി റാലികൾ, 160 നഗരങ്ങളിൽ സ്വീകരണം എന്നിവയാണ് നടക്കുക.

പരിപാടികളുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ പ്രദേശിക, ഏരിയാ, ജില്ലാ തലങ്ങളിൽ വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. 'കഴിഞ്ഞ കാൽ നൂറ്റാണ്ടിലെ കേരള വിദ്യാർഥി രാഷ്ട്രീയം' എന്ന തലക്കെട്ടിൽ ഒക്ടോബർ 26-ന് കണ്ണൂർ ചേംബർ ഹാളിൽ കേരള ഘടകം സെമിനാർ സംഘടിപ്പിക്കുന്നുണ്ട്. വിവിധ വിദ്യാർഥി സംഘടനകളുടെ നേതാക്കൾ പങ്കെടുക്കും. കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ എസ്.ഐ.ഒ പുറത്തിറക്കിയ ലഘുലേഖകളിൽ തെരഞ്ഞെടുത്തവ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. എസ്.ഐ.ഒ പിന്നിട്ട വഴികൾ അടയാളപ്പെടുത്തുന്ന പ്രദർശനം, എസ്.ഐ.ഒ ഗാനകാസറ്റ്, ഹൈസ്കൂൾ വിദ്യാർഥികൾക്ക് സർവേ, ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ്, മതകലാലയ വിദ്യാർഥികൾക്കായി പ്രബന്ധ, കഥ, കവിത രചനാ മത്സരങ്ങൾ എന്നിവ നടത്തും. ജില്ലകളുടെ നേതൃത്വത്തിൽ കലാസംഘങ്ങൾ കാമ്പസുകളിൽ കലാജാഥകൾ നടത്തും. കേരളീയ കാമ്പസുകൾക്ക് സംഭവിച്ച അപചയം ചൂണ്ടിക്കാട്ടുന്ന പ്രമേയം കാമ്പസുകളിൽ എത്തിക്കും. കാമ്പസുകൾക്ക് സമീപം ബസ് വെയ്റ്റിംഗ് ഷെൽട്ടറുകൾ, വായനശാല, കുടിവെള്ള പദ്ധതി എന്നിവക്ക് വേണ്ടി ഏരിയകളുടെ നേതൃത്വത്തിൽ വിഭവ സമാഹരണം നടത്തും. ഹയർ സെക്കന്ററി, പാരലൽ കോളേജ് വിദ്യാർഥികൾക്കായി ഏരിയകളുടെ നേതൃത്വത്തിൽ സംഗമങ്ങൾ സംഘടിപ്പിക്കും. പ്രദേശിക-ഹൈസ്കൂൾ- ഹയർ സെക്കന്ററി-കാമ്പസ് തലങ്ങളിൽ എസ്.ഐ.ഒ സ്ഥാപകദിനമായ ഒക്ടോബർ 19 പതാകദിനമായി ആചരിക്കും. പ്രാദേശിക തലങ്ങളിൽ പ്രഭാതഭേരിയും സൈക്കിൾ റാലിയും സംഘടിപ്പിക്കും. ■

(എസ്.ഐ.ഒ സംസ്ഥാന കാമ്പസ് സെക്രട്ടറിയാണ് ലേഖകൻ)